"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ്-മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി-ഓംബുഡ്സ്മാൻമാരുടെ സിറ്റിംഗ് ഫീ പരിഷ്കരിച്ച് ഉത്തരവാകുന്നു.

---

**തദ്ദേശസ്വയംഭരണ(ഡിഡി) വകുപ്പ്**

സ.ഉ.(സാധാ) നം.502/2022/LSGD തീയതി,തിരുവനന്തപുരം, 03-03-2022

---

പരാമർശം:-

1. സ.ഉ.(സാധാ) നം.2179/2012/ത.സ്വ.ഭ.വ തീയതി 08.08.2012
2. കേന്ദ്ര സർക്കാർ ഗ്രാമവികസന മന്ത്രാലയത്തിൽ നിന്നുള്ള 23.12.2021-ലെ F.NO.J11060/54/2020-RE III (373836) നമ്പർ കത്ത്
3. മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി മിഷൻ ഡയറക്ടറുടെ 16.02.2022 - ലെ NREGA/150/2022-C1 നമ്പർ കത്ത്

**ഉത്തരവ്**

മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിലെ ഓംബുഡ്സ്മാൻമാരുടെ പ്രതിഫലം പരിഷ്കരിച്ചതായി പരാമർശം (2) പ്രകാരം കേന്ദ്ര സർക്കാർ അറിയിച്ചിരുന്നു. ആയത് പ്രകാരം ഓംബുഡ്സ്മാന്മാർക്ക് ഒരു സിറ്റിംഗിന് 2250/- രൂപ പ്രതിഫലം നല്കാവുന്നതും ഇപ്രകാരം പരമാവധി സിറ്റിംഗ് ഫീസ് ആയി പ്രതിമാസം 45,000/- രൂപ അനുവദിക്കാവുന്നതുമാണെന്നതിനാൽ സംസ്ഥാനത്ത് ദേശീയ തൊഴിലുറപ്പ് പദ്ധതിയ്ക്ക് കീഴിൽ നിയമിക്കപ്പെട്ടിട്ടുള്ള ഓംബുഡ്സ്മാൻമാരുടെ സിറ്റിംഗ് ഫീസ് കേന്ദ്ര സർക്കാർ മാനദണ്ഡ പ്രകാരം പരിഷ്കരിച്ച് ഉത്തരവ് പുറപ്പെടുവിക്കണമെന്ന് പരാമർശം (3) പ്രകാരം മിഷൻ ഡയറക്ടർ അഭ്യർത്ഥിക്കുകയുണ്ടായി.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ച മേൽപറഞ്ഞ സാഹചര്യത്തിൽ മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയ്ക്ക് കീഴിൽ നിയമിതരാവുന്ന ഓംബുഡ്സ്മാൻമാരുടെ സിറ്റിംഗ് ഫീസ്, ഒരു സിറ്റിംഗിന് 2250/- രൂപ നിരക്കിൽ ഒരു മാസം പരമാവധി 45,000 രൂപ ആയി നിശ്ചയിച്ച് പരാമർശം (1) ഉത്തരവ് ഭേദഗതി ചെയ്ത് ഉത്തരവാകുന്നു. ടി നിരക്കുകൾക്ക് ജനുവരി 2022 മുതൽ പ്രാബല്യമുണ്ടായിരിക്കുന്നതാണ്. മേൽ പറഞ്ഞ ഭേദഗതിയോടെ പരാമർശം (1) ഉത്തരവ് നിലനിൽക്കുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ഷൈജ സി ജി
ഡെപ്യൂട്ടിസെക്രട്ടറി

മിഷൻ ഡയറക്ടർ, മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി

എല്ലാ ജില്ലാ കളക്ടർമാർക്കും

എല്ലാ MGNREGA ഓംബുഡ്സ്മാൻമാർക്കും (മിഷൻ ഡയറക്ടർ മുഖേന)
പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(ആഡിറ്റ്), തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ & ഇ), തിരുവനന്തപുരം.
വെബ് & ന്യൂ മീഡിയ, ഐ & പി.ആർ.ഡി.
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ
കരുതൽ ഫയൽ

ഉത്തരവിൻ പ്രകാരം
**Signed by Nisam N**
**Date: 03-03-2022 16:18:26**
സെക്ഷൻ ഓഫീസർ

പകർപ്പ്: ബഹു. മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി

ബഹു. തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി